




# പുതുമകളുടെ പുതുവർഷം



**ആരഭി ഗോപകുമാർ**
എം.എസ്.സി. രണ്ടാം വർഷം പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി

പുലരികളുടെ കരഘോഷം
പുതുമകളുടെ പുതുവർഷം
കുറുമ്പുകളുടെ കുളിർവർഷം
കുരുന്നുകൾതൻ നിറഹർഷം

ഇനിയുമൊരു ജൂൺമാസം കുളിച്ചു കുറിതൊട്ടു കുടയുംപിടിച്ചു കടന്നുവരും. കുപ്പായത്തിന്റെ പുതുമണം മഴയിലലിഞ്ഞു പരക്കും. വിഹ്വലതകളുടെ വേപധുവുമായി ഒന്നാം ക്ലാസ്സിന്റെ പടികയറാൻ ഓമനകൾ കാത്തുനിൽക്കും. അവരുടെ പിന്നിൽ ഒരു മനുഷ്യായുസ്സിന്റെ മുഴുവൻ മോഹങ്ങളുമായി മാതാപിതാക്കളുടെ മനസ്സുകളും. ആയിരം കാതമുള്ള യാത്ര ഒരുകുഞ്ഞു ചുവടുവെച്ച് ആരംഭിക്കുന്ന അനർഘനിമിഷം.

സ്കൂളാണ് ഒരു വ്യക്തിയുടെ സ്വഭാവം മൂശയിലിട്ടു വാർക്കുന്നത്. നല്ല ഭാഷ, പെരുമാറ്റരീതികൾ, സംസ്കാരം, സ്നേഹം, ബഹുമാനം ഇവയൊക്കെ നാമറിയാതെ തന്നെ അന്തർലീനമായ സ്വഭാവത്തെ പാലൂട്ടിവളർത്തുന്നത് ഇക്കാലത്താണ്.

രണ്ടുമാസത്തിലധികം നീളുന്ന മധ്യവേനലവധിക്കുശേഷം സ്കൂളിൽ പോകുവാൻ കൊതിച്ചിരിക്കുന്ന രണ്ടാം ക്ലാസ്സുമുതലുള്ള വിദ്യാർഥികൾക്കും ഇതുത്സവമാണ്. ഒന്നാം ക്ലാസ്സുകാർക്ക് പ്രവേശനോത്സവമാണെങ്കിൽ മുതിർന്നവർക്ക് പ്രതീക്ഷോത്സവമാണ്. രണ്ടുമാസംമുന്നെ യാത്ര പറഞ്ഞുപോയ കൂട്ടുകാരെ കാണാനുള്ള ആവേശം. ഏതു ടീച്ചറിന്റെ ക്ലാസ്സിലാണ്, പഴയ ചങ്ങാതിമാരൊക്കെ കൂട്ടിനുണ്ടോ ഇങ്ങനെയുള്ള കൗതുകങ്ങളാണ് ആദ്യദിവസം സ്കൂളിലേക്കു പോകുമ്പോൾ കൂട്ടിനുള്ളത്. ചെറിയ ക്ലാസ്സുകളിൽ അനുഭവിക്കുന്ന ജിജ്ഞാസ ഉയർന്ന ക്ലാസ്സുകളിലാകുമ്പോൾ സൗഹൃദങ്ങളുടെ ഇഴയടുപ്പത്തിന്റെ സൗരഭ്യമായി വേഷപ്പകർച്ച നടത്തുന്നു. ചങ്ങാത്തം എന്ന സുന്ദരമായ അനുഭൂതി ആസ്വദിച്ചുതുടങ്ങുന്നത് മിക്കവാറും സ്കൂൾ കാലഘട്ടത്തിന്റ രണ്ടാംപകുതിയിലാണ്. ഒരു ജന്മം മുഴുവൻ ആസ്വദിക്കാനുള്ള സുഹൃദ്ബന്ധങ്ങൾക്ക് ഊടും പാവുമാകുന്നത് പലപ്പോളും വളരെച്ചെറിയ സംഭവങ്ങളാകാം. സ്കൂൾകാലഘട്ടത്തിൽ ലഭിക്കുന്ന കൂട്ടുകാർ ജീവിതകാലം മുഴുവൻ തുടരുന്നത് എത്ര സന്തോഷകരമാണ്.

വിദ്യാഭ്യാസകാലഘട്ടത്തിന്റെ അവസാനനാളുകളിലൂടെയാണ് ഞാൻ കടന്നുപോകുന്നത്. മധുരോദാരമായ ഈ കാലത്താണ് എന്റെ ജീവിതത്തിലെ എല്ലാ നല്ല സുഹൃത്തുക്കളെയും ഈശ്വരൻ സമ്മാനിച്ചത് എന്നോർക്കുമ്പോൾ ഹൃദയംനിറയുന്നു. ഒരാഴ്ചക്കുള്ളിൽ സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുന്ന കുരുന്നുകൾക്ക് വിനോദവും വിജ്ഞാനവും ഒപ്പം ആത്മാർഥതയുള്ള സ്നേഹസൗഹൃദങ്ങളും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ■

## ഒന്നാം റാങ്കിന്റെ മലയാളമഹിമയിൽ ചേച്ചിയും അനുജത്തിയും

എം.ജി. സർവകലാശാല ബി.എ. മലയാളം ഒന്നാം റാങ്ക് ഈ വർഷം കരസ്ഥമാക്കിയത് കുറവിലങ്ങാട് ദേവമാതാ കോളജ് വിദ്യാർഥിനി റോസ്മെറിൻ ജോജോ. ഇനി കഴിഞ്ഞ അധ്യയനവർഷത്തിലെ ബി.എ. മലയാളം ഒന്നാം റാങ്കുകാരി ആരെന്നറിയേണ്ടേ? റോസിന്റെ ചേച്ചി അനുപ്രിയ ജോജോ. രണ്ടുപേരും പഠിച്ചത് ഒരേ സർവകലാശാലയിലും ഒരേ കോളജിലും. വിഷയവും ഒന്നുതന്നെ.

തുടർച്ചയായ വർഷങ്ങളിലെ ഈ ഇരട്ടവിജയം നാടിന്റെയും വീടിന്റെയും അഭിമാനമുണർത്തിയിരിക്കുകയാണ്; ഒപ്പം, മലയാളത്തിന്റെ മഹിമയും. ചേച്ചിയെപ്പോലെ ദേവമാതാ കോളജിൽത്തന്നെ എം.എ. മലയാളത്തിനു ചേരാനാണു റോസ്മെറിന്റെയും തീരുമാനം.

കൂത്താട്ടുകുളം തിരുമാറാടി വിലങ്ങപ്പാറയിൽ ജോജോ വി. ജോർജിന്റെയും കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ അധ്യാപിക ട്രീസ പി. ജോണിന്റെയും മക്കളാണ് റാങ്കുജേതാക്കളായ ഈ മിടുക്കികൾ.



റോസ്മെറിൻ ജോജോ, അനുപ്രിയ ജോജോ

# DEEPANALAM WINNERS SPACE gk

1. ലോകമാധ്യമസ്വാതന്ത്ര്യസൂചികയിൽ ഒന്നാംസ്ഥാനത്ത് ഏതു രാജ്യമാണ്? ഇന്ത്യയുടെ സ്ഥാനമെത്ര?

ഉത്തരം: ...........................................................

2. രാജ്യാന്തരക്രിക്കറ്റിൽ ഇന്ത്യയ്ക്കുവേണ്ടി കളിച്ച ആദ്യമലയാളി (മേയ് 23 ന് ജന്മശതാബ്ദി) ആര്? ജന്മദേശം?

ഉത്തരം: ...........................................................

3. എവറസ്റ്റ് കീഴടക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യാക്കാരി ആര്? അവർ എന്തു ചെയ്യുന്നു?

ഉത്തരം: ...........................................................

4. കേന്ദ്രനീതി ആയോഗ് പുറത്തിറക്കിയ കണക്കുപ്രകാരം, ദരിദ്രർ ഏറ്റവും കൂടുതലും കുറവുമുള്ള സംസ്ഥാനങ്ങൾ ഏവ?

ഉത്തരം: ...........................................................

5. ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യമലയാളി ആരാണ്? സ്വദേശം?

ഉത്തരം: ...........................................................

6. 70 വയസ്സിനു മുകളിലുള്ളവരുടെ പ്രഥമ ലോകകപ്പ് ക്രിക്കറ്റ് ഇംഗ്ലണ്ടിൽ നടക്കുകയാണ്. ഇന്ത്യൻ ക്രിക്കറ്റ്ടീമിന്റെ ക്യാപ്റ്റൻ ഒരു മലയാളിയാണ്. പേര്? മത്സരങ്ങൾ എന്നു മുതൽ എന്നുവരെയാണ്?

ഉത്തരം: ...........................................................

7. കാൻ ചലച്ചിത്രോത്സവത്തിന്റെ ഭാഗമായുള്ള പിയർ അഷെന്യൂ പുരസ്കാരം ആദ്യമായി ഒരു ഏഷ്യക്കാരനു ലഭിച്ചിരിക്കുന്നു. ജേതാവ് ആരാണ്? ഏതു രംഗത്തെ സംഭാവനയ്ക്കു നൽകുന്ന പുരസ്കാരമാണിത്?

ഉത്തരം: ...........................................................

8. ഈ വർഷത്തെ ജി 7 ഉച്ചകോടി നടക്കുന്നത് ഏതു രാജ്യത്താണ്? എന്ന്?
ജി 7 ന്റെ അവസാന ഉച്ചകോടി നടന്നത് എവിടെയായിരുന്നു?

ഉത്തരം: ...........................................................

9. രജതജൂബിലിനിറവിൽ എത്തിനിൽക്കുന്ന കൊച്ചി അന്താരാഷ്ട്രവിമാനത്താവളം ഉദ്ഘാടനം ചെയ്തത് ആരാണ്? എന്ന്? ആദ്യവിമാനം ഇവിടെനിന്നു പറന്നുയർന്നത് എന്നായിരുന്നു?

ഉത്തരം: ...........................................................

10. അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റിഫോംസിന്റെ റിപ്പോർട്ടുപ്രകാരം, ഇത്തവണ ലോകസഭയിലേക്കു മത്സരിച്ച സ്ഥാനാർഥികളിൽ 80 വയസ്സിനു മുകളിലുള്ളവർ എത്ര? 25–30 പ്രായപരിധിയിലുള്ളവർ എത്ര?

ഉത്തരം: ...........................................................

സമ്മാനം: **ആയിരം രൂപ**

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

പേര് : ........................................
ഫോൺ നമ്പർ : ........................................
പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് :
........................................................................

**നിബന്ധനകൾ**

പൂർണമായും സ്കൂൾ/ കോളജ് വിദ്യാർഥികൾക്കുവേണ്ടിയുള്ളതാണ് ഈ മത്സരം. ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ്കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മറ്റു വിവരങ്ങളും സഹിതം 7306874714 എന്ന വാട്സാപ്പ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി 2024 ജൂൺ 20.



# കിനാവ്



**അനുപ്രിയ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

ഇരവിന്റെ ചില്ലയിലേതോ
കിനാപ്പക്ഷി
വിരവൊടുയർത്തുമൊരീണം
നിഴലേതോ മായ
പരത്തുന്നു വീഥിമേ-
ലവനി നിശ്ശബ്ദമിതു പാരം
ചക്രവാളത്തിന്റെ
കാണാപ്പഴുതിലാ
ചക്രവാകത്തിന്റെ തേങ്ങൽപോലെ
ചിണുങ്ങുന്നുണ്ടെൻ ചാരെ
നിദ്രയിലാണ്ടൊരു
കുഞ്ഞനുജത്തിയെന്തിനാമോ?
മലയാണ്മ ചൊല്ലുകിൽ നാവിന്നു പിഴയിടും
സ്കൂളാണവൾതന്നാർദ്രമാം ഹൃത്തിൽ
കൊഞ്ചിക്കരകയാണവളിണക്കൂട്ടോട്
ഇംഗ്ലീഷു ചാലിച്ചതെന്തോ!
സ്വപ്നമേ, നീയെന്റെ ഭാഷയിലാമെന്നു-
ഞാൻ വിശ്വസിച്ചതുമിന്നു ഭോഷോ!
വിസ്മയമില്ലിന്നിവൾ തൻ സ്വപ്നവും
വിദേശം ചേക്കേറുകയാകിൽ...!
ചിന്നിച്ചിതറുന്നുണ്ടോരോ പദങ്ങളോ
ചിത്തം ചമത്കരിച്ചേകേ...
'അമ്മേ...' തേങ്ങിക്കരയുന്നവ-
ളപ്പൊഴുതെന്നിലുദിച്ചൊരു സ്വപ്നം
ഹൃത്തിൻ ഭാഷയറിയാനൊരുപായമീ
മലയാളമധുരിമയല്ലോ!

# ബാല്യകാലസ്മരണകൾ





**സേറ റെജി**
ക്ലാസ് VII
രാമമംഗലം
ഹൈസ്കൂൾ

**ശ്രീ** പി. കെ. ഗോപി എഴുതിയ 'ഓലച്ചൂട്ടിന്റെ വെളിച്ചം' എന്ന പുസ്തകം വായിച്ചു. കേന്ദ്രസാഹിത്യ അക്കാദമിയുടെ 2018 ലെ ബാലസാഹിത്യ പുരസ്കാരം നേടിയ കൃതി. കൂടാതെ, സംസ്ഥാന ബാലസാഹിത്യ പുരസ്കാരം, ഭീമ ബാലസാഹിത്യ പുരസ്കാരം, കുഞ്ഞുണ്ണിമാസ്റ്റർ പുരസ്കാരം, പി.ടി. ഭാസ്കരപ്പണിക്കർ പുരസ്കാരം, പാലാ കെ.എം.മാത്യു പുരസ്കാരം എന്നിവ നേടിയ കൃതിയുടെ നാലാംപതിപ്പ്.


കവി, ചലച്ചിത്രഗാനരചയിതാവ്, സാംസ്കാരികപ്രവർത്തകൻ തുടങ്ങിയ നിലകളിൽ പ്രശസ്തനായ ശ്രീ പി. കെ. ഗോപിയുടെ 'ഓലച്ചൂട്ടിന്റെ വെളിച്ചം' എന്ന കൃതിയിൽ ബാല്യകാലാനുഭവങ്ങളാണു പങ്കുവയ്ക്കുന്നത്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്ന പുസ്തകം.

ഓലച്ചൂട്ടിന്റെ വെളിച്ചം എന്ന കഥയിൽ പണ്ടുകാലത്ത് മനുഷ്യർ നേരിട്ടിരുന്ന യാതനകളും പ്രയാസങ്ങളും മനസ്സിലാക്കാൻ സാധിക്കും. കാൽനടയാത്ര, വെളിച്ചമില്ലാത്ത വഴികൾ, കപ്പയും കട്ടൻചായയും കഴിച്ചുള്ള ഉറക്കം, വഴിപോക്കർക്കു ദാഹജലം കൊടുക്കൽ, ഭക്ഷണം കൊടുക്കൽ, ഇരുട്ടിനെ മായ്ക്കാൻ വെളിച്ചം പകർന്നുനല്കൽ അങ്ങനെ എന്തെല്ലാം കാര്യങ്ങളാണ്! അന്നൊക്കെ ഓലച്ചൂട്ടിന്റെ വെളിച്ചിലാണ് രാത്രികാലങ്ങളിൽ ആളുകൾ യാത്ര ചെയ്തിരുന്നത്. കഥാകൃത്ത് കുട്ടിയായിരുന്നപ്പോൾ സ്വന്തമായി ഓലവെട്ടി ചൂട്ടുകെട്ടി അതു കത്തിച്ചു നടക്കുന്നത് അഭിമാനത്തോടെ വിവരിച്ചിരിക്കുന്നു. ആ വെളിച്ചത്തിൽ നടക്കുമ്പോൾ മൂർഖൻപാമ്പിനെ കണ്ടു പേടിച്ചതും അമ്മ ആശ്വസിപ്പിച്ചതും എല്ലാം നമുക്കു കാണാൻ കഴിയും.

അതുപോലെ, 'അരിയുണ്ട തിന്നുന്ന കുട്ടിയാന' എന്ന കഥയിൽ കുട്ടിയാന നമ്മുടെ അടുത്തു വന്നു എന്നു തോന്നും അതു വായിക്കുമ്പോൾ. 'ആദ്യത്തെ സമ്മാനം പ്രസംഗമത്സരത്തിന്' എന്ന കഥ വായിച്ചപ്പോൾ ശരിക്കും ഒരു പ്രസംഗമത്സരത്തിൽ എങ്ങനെയാണു പങ്കെടുക്കേണ്ടത് എന്നു മനസ്സിലായി. പ്രസംഗിക്കുമ്പോൾ എങ്ങനെ നിൽക്കണം, സദസ്സിനെ വണങ്ങണം, ഇടയ്ക്ക് വാക്കിനു ചുണവേണം, വ്യക്തമായി ഉച്ചരിക്കണം, നല്ല ആശയം വേണം അങ്ങനെ എന്തൊക്കെ കാര്യങ്ങൾ! 'നാടുകടത്തിയിട്ടും മടങ്ങി വന്ന കൈസർ' എന്ന കഥയിൽ ജീവികളോടുള്ള സ്നേഹം കാണാൻ കഴിയും. 'ഭാവി പറയുന്ന സിദ്ധൻ' എന്ന കഥയിൽ തട്ടിപ്പു കൊണ്ടു നടക്കുന്ന സിദ്ധനെ കൈകാര്യം ചെയ്ത് ഓടിക്കുന്നത് നല്ല രസമായി എഴുതിയിട്ടുണ്ട്.

ഓലച്ചൂട്ടിന്റെ വെളിച്ചം എന്ന പുസ്തകം വളരെ രസമുള്ളതും ആസ്വാദ്യകരവും ആയിരുന്നു.

# ഞാൻ





**ഗ്രീഷ്മ ഡി. വിനോദ്**
സിവിൽ സർവീസ്
ഇൻസ്റ്റിറ്റ്യൂട്ട് പാലാ

**അ**ടയാളപ്പെടുത്താതെ പോയ ഘടികാരങ്ങളുടെ ആത്മാക്കൾ ലോകത്താകമാനമുള്ള മൺതരികളുടെ ആയിരം ഇരട്ടി ഉണ്ടാകും എന്നൊരു കണക്ക് ഞാൻ പറയുന്നു.

അങ്ങനെയെങ്കിൽ ഈ നാനൂറ് കോടിനിമിഷങ്ങളിൽ നാനൂറു ചലനങ്ങളെ നിങ്ങളുടേതായുള്ളൂ എന്നു നിരൂപിക്കുക.

അവയിൽ ഏതെങ്കിലുമൊക്കെ നിങ്ങളുടെ ചുറ്റുപാടിലെ ജീവനുള്ളതെന്നു കല്പിക്കുന്ന ജന്തുക്കളും കുറിച്ചുവച്ചിട്ടുണ്ടാകും. അവരെ ബാധിക്കുന്നതാണെങ്കിൽമാത്രം.

അപ്പോൾ, നീ, രൂദയുമല്ല മൈക്കലാഞ്ജലോയുമല്ലാത്ത ഒരാൾ എത്ര കബളിപ്പിക്കാൻ നോക്കിയിട്ടും കാര്യമില്ല. ഞാൻ എനിക്കായി കാത്തുവച്ചതല്ലാതെ ലോകം എന്റേതായി കുറിച്ചെടുത്ത സമയങ്ങളൊന്നും തന്നെ ഇല്ല. ജീവിച്ചിരുന്നില്ല എന്നല്ല; കാലം അടയാളപ്പെടുത്താൻ ഞാൻ ഒന്നും ചെയ്തില്ല എന്നതാണു വാസ്തവം. ആ ബോധ്യത്തിലേക്കുള്ള ദൂരമാണ് അവനവനിലേക്കുള്ള യാത്രയുടെ തുടക്കം.

# പൂച്ചക്കാര്യങ്ങൾ



**റോസ്മെറിൻ ജോജോ**
ബി.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്




താടി കൈപ്പത്തിയിലേക്കമർത്തി ഭാരം മേശയിലേക്കു കൊടുത്ത് അമ്മ ഇരുന്നു. എന്നിലേക്കു തുറിച്ചുനിന്ന കണ്ണുകൾ, നിത്യവും കാണുന്ന സ്വത്വത്തെ ഇരുത്തത്തോടെ നോക്കി. പകലെന്നോ രാത്രിയെന്നോ ഇല്ലാതുള്ള അവധിദിവസങ്ങളിലെ വായനകൾ വെറുതെയായിപ്പോകരുതെന്നും മറ്റുമുള്ള ഉപദേശങ്ങളാണ് ഈയിടെ കേട്ടുകൊണ്ടിരിക്കുന്നത്. മറ്റുള്ളവർക്കു മുമ്പിൽ യോഗ്യതയില്ലാത്തവരും പ്രയോജനമില്ലാത്തവരുമായി സാഹചര്യങ്ങൾക്കനുസൃതം മനുഷ്യർ മാറ്റപ്പെടുന്നു.

പരിണാമം ഉത്പത്തികാരണമായി വിശ്വസിക്കുന്ന ആധുനികമനുഷ്യൻ ഈ മാറ്റത്തെ അഭിമുഖീകരിക്കുകയും ഉൾക്കൊള്ളുകയും, സഹിക്കാനാകാതെ വന്നാൽ പ്രതികരിക്കുകയും ചെയ്യും. സ്വന്തബന്ധങ്ങളിൽനിന്ന് ഇങ്ങനെയൊരു പെരുമാറ്റമുണ്ടായാൽ അവന് അത്യന്തം വേദനയും ഉളവാകും. മനഃശാസ്ത്രവും തത്ത്വശാസ്ത്രവും കലക്കിക്കുടിക്കുന്ന, യുക്തിയുക്തം തീരുമാനങ്ങളെടുക്കാൻ കെല്പുള്ള മനുഷ്യന്റെ അവസ്ഥയിതാണെങ്കിൽ നിർമലഹൃദയരും ലോലശരീരരുമായ പൂച്ചകളുടെ പരിദേവനകൾ എത്രമാത്രമുണ്ടാകും!

മാർജാരനുമായി താദാത്മ്യം പ്രാപിച്ചത് യാദൃച്ഛികമല്ല. ഒരിക്കൽ, സംരക്ഷികയാൽ വീടിനു വെളിയിലേക്കിറക്കപ്പെട്ട ഇത്തരമൊരു മൃദുഭാവൻ, അവിടുത്തെ അതിഥിയായ എന്നെ അമർത്തിനോക്കിയത് ഇപ്പോൾ ഓർമിച്ചതിനാലാണത്. ഈ അവസ്ഥയ്ക്കു വർഗഭേദമില്ലെന്നായിരുന്നിരിക്കാം നോട്ടത്തിലെ സൂചന. താത്കാലികമായെങ്കിലും സ്വന്തം തട്ടകത്തിൽനിന്നു പുറത്താക്കപ്പെട്ട കക്ഷി എന്റെയുള്ളിൽ അന്നേ വാസമുറപ്പിച്ചിരുന്നു. കൺചിമ്മുന്ന നേരത്തു വീട്ടിലേക്കു കടക്കുന്ന മായാജാലമാണ് ഇവരുടേത്. വീട്ടുകാരോടുള്ള സ്നേഹമാണ് ഉരുമ്മലുകളായി പ്രകടിപ്പിക്കുന്നതെന്നറിയുന്നവർക്കേ തന്റെ കൂടി ഇടമാണ് വീടെന്ന് പൂച്ചകൾക്കു സ്വതേയുള്ള ബോധത്തെ ഉൾക്കൊള്ളാനാകൂ. 'ഇതെന്റെയാളുകൾ' എന്ന അഹംഭാവത്തിൽനിന്നു വാതിലിനു പുറത്തേക്കുള്ള അവന്റെ യാത്ര ദയനീയമാണ്.

വീടുമാറ്റത്തിനു വ്യതിരിക്തമായ ഒരു രൂപംകൂടിയുണ്ട്. അന്നേദിവസം ആ കാഴ്ചയ്ക്കു കൂടി സാക്ഷ്യം വഹിക്കാനുള്ളതായിരുന്നു. ഒരു പിക്കപ് വാനിൽ ഒതുങ്ങുന്ന സാധനങ്ങളുമായി കുടിയേറുന്ന കുടുംബം. ഡ്രൈവർ സീറ്റൊഴിച്ചുള്ള ഭാഗത്ത് അച്ഛന്റെയും അമ്മയുടെയും മടിയിലിരുന്ന് കാഴ്ചകൾ കാണുന്ന പെൺകുട്ടി ഇടയ്ക്കിടയ്ക്ക് തന്റെ രക്ഷാകർത്താക്കളെ നോക്കുന്നു. ഓരോ തവണയും അവളുടെ നോട്ടങ്ങൾക്കു മറുപടിയായി അവർ ചിരികൾ നൽകി. പുതിയ താവളത്തെക്കുറിച്ചുള്ള പ്രതീക്ഷകൾക്ക് അവരുടെ ആവലാതികളെക്കാൾ വലുപ്പമുണ്ട്. അടുത്തിരിക്കുന്ന അവളുടെ സഹോദരന്റെ മടിയിൽ സ്ഥാനമുറപ്പിച്ചിരിക്കുന്നത് ഒരു പൂച്ച! ആ മെലിഞ്ഞ ശരീരത്തിനുള്ളിലെ മനസ്സിൽ പഴയ വീട്ടിലെ കാഴ്ചകളും അനുഭവങ്ങളും തന്റേതായവരിൽനിന്നു ലഭിച്ച കരുതലുമുണ്ടാകും. പുതിയ ഇടത്തിന്റെ സൗഭാഗ്യങ്ങളിലും ഇല്ലായ്മകളിലും തന്നെ തള്ളിക്കളയാത്ത ഉടയവരോടുള്ള നന്ദി ഓരോ ചലനത്തിലുമുണ്ടാകും. ട്രാഫിക്കിന് അനക്കംവച്ച് അവർ സ്വപ്നങ്ങൾക്കൊപ്പം മുമ്പോട്ടുപോയതോടെ എന്റെ ചിന്തകളും പൂച്ചയെപ്പോലെ കനംകുറഞ്ഞതായി. ചെറുതിന്റെ വികാരങ്ങളും വലുതാണെന്ന നിഗമനത്തിലേക്ക് ഞാൻ എത്തിച്ചേരുമ്പോഴേക്കും അമ്മ എഴുന്നേറ്റു പോയിരുന്നു. പുറത്തേക്കിറക്കപ്പെട്ടവരും അകത്തേക്കു സ്വീകരിക്കപ്പെട്ടവരും അപ്പോഴും ബാക്കിനിന്നു.






# സ്ത്രീ



**സുകന്യ ബാബു**
പി.ജി. മലയാളം
സെന്റ് ജോൺസ് കോളജ്, അഞ്ചൽ

നുരഞ്ഞുപൊങ്ങുമൊരാർത്തിയാലേ-
നിറഞ്ഞൊഴുകിയ വിഷത്തിര,
പുലരിതൻ മൃദുലമാം തരളിതമേനിയെ-
പിച്ചാത്തിത്തുമ്പിനാൽ ചീന്തീടവേ,
ഇറ്റിറ്റു വീണൊരാ ചെഞ്ചോരത്തുള്ളികൾ
ഇത്രമേൽ വട്ടത്തിൽ കെട്ടിനിന്നു.

ദിശതെറ്റി നീങ്ങിയ പുലരി തരിച്ചുനി-
ന്നാഴക്കടലിന്റെ അലമുറകളാൽ!
കറുത്ത കൈകൊണ്ടപഹരിച്ചവൻ
പരിഹസിച്ചു പുലരിയെ!

സ്വപ്നം ചിരിച്ചില്ല, മോഹം മുളച്ചില്ല,
തളരുന്ന ജീവൻ തളിർത്തുമില്ല.
നീതിയോ രാവിന്റെ മാറത്തുദിച്ചിട്ട്
നിന്ദയിൽ പുലരിയെ പല്ലിളിച്ചു.
ധർമം അവൾക്കുനേർ കല്ലെറിഞ്ഞു.
സത്യം മുഖംപൊത്തി മാറിനിന്നു.

ചിതറി തറയിൽത്തെറിച്ച ധൈര്യം
ചേർത്തുവച്ചവൾ ചുടുനെഞ്ചിൽ,
കണ്ണു കൈകൾകൊണ്ടു പൊത്തി
പിടഞ്ഞെണീറ്റൊരു കാറ്റുപോൽ!

തീരത്തു കൈകൊണ്ടെഴുതി 'ഞാൻ സ്ത്രീ'യെന്ന്
തീക്കനൽ പാറുന്ന കണ്ണീരുമായ്...
അഗ്നിത്തിലകം നെറുകയിൽ ചാർത്തി,
ആഴിതൻ നെഞ്ചിലൊന്നാഞ്ഞു ചവിട്ടി,
ഇരുളിന്റെ മാറാലയൊന്നായകറ്റി-
നിറഞ്ഞ ചിരിയാലുയർന്നുപൊങ്ങി,
ഉണർന്നിടാനായ് വെമ്പിടുന്ന-
ഉലകത്തോടായി ഉറച്ചുചൊല്ലി!

തെറ്റിനെതിരേ ചൂണ്ടുവിരലുകൾ-
തെറ്റിപ്പോകാതൂന്നുവാൻ,
കാത്തിരിപ്പൂ ലോകമേ ഞാൻ
കാത്തുകൊൾക നിൻ സോദരിയെ!

# ചിരിക്കാനും ചിന്തിക്കാനും




**സിയ റെജി**
ക്ലാസ് IV
ജി.എൽ.പി.എസ്.
കിഴുമുറി

പ്രശസ്തനായ ബാലസാഹിത്യകാരൻ രാമചന്ദ്രൻ പുറ്റുമാനൂർ എഴുതിയ കുട്ടിക്കഥകളുടെ സമാഹാരമാണ് പങ്കന്റെ മോഹം. ഈ പുസ്തകത്തിൽ 23 കഥകളാണുള്ളത്. ചിരിക്കാനും ചിന്തിക്കാനുമുള്ള കഥകളിൽ ഗുണപാഠവുമുണ്ട്. ഈ പുസ്തകത്തിലെ എല്ലാ കഥകളും മൃഗങ്ങളെക്കുറിച്ചുള്ളതാണ്.

'പങ്കന്റെ മോഹം' എന്ന കഥയിൽ ഒരു കോഴിപ്പൂവനാണ് പങ്കൻ. വളരെ പാവമായിരുന്നു പങ്കൻ. പക്ഷേ, ആർക്കും അവനെ ഇഷ്ടമില്ലായിരുന്നു. വീട്ടുടമസ്ഥയായ ഏലിയാമ്മച്ചേട്ടത്തിക്ക് എല്ലാ ദിവസവും മുട്ട തരുന്ന ചട്ടമ്പിക്കോഴിയമ്മയോടായിരുന്നു ഇഷ്ടം.

ആ വീടിന്റെ മുറ്റത്ത് ഒരു ചക്കരമാവുണ്ട്. അതിൽ നിറയെ മാങ്ങയുണ്ടായി. മാങ്ങ പഴുത്തു. പങ്കന് മാമ്പഴം വലിയ ഇഷ്ടമാണ്. പക്ഷേ, ആരും മാമ്പഴം പറിച്ചുകൊടുത്തില്ല. ഏലിയാമ്മച്ചേട്ടത്തി ചട്ടമ്പിക്കോഴിക്കു മാമ്പഴം പറിച്ചുകൊടുത്തു. പാവം പങ്കനു കൊടുത്തില്ല. പങ്കൻ വിഷമിച്ചു മാവിനോടു മാമ്പഴം ചോദിച്ചു. ഇതുകേട്ട മാവ് ആഞ്ഞുകുലുങ്ങി. കുറേ മാമ്പഴം താഴോട്ടു വീണു. പങ്കൻ കോഴിപ്പൂവനു സന്തോഷമായി. അവൻ മാവിനു നന്ദി പറഞ്ഞു. മാമ്പഴം മുഴുവനും കൊത്തിത്തിന്നു. മാവിന്റെ കൊമ്പിൽ താമസിച്ചിരുന്ന കുറുമ്പനണ്ണാനും കിറുമ്പനണ്ണാനും ഇതുകണ്ട് താഴെ ഇറങ്ങിവന്നു. അവർ പങ്കനോടു കൂട്ടുകൂടി. അങ്ങനെ പങ്കന് രണ്ടു കൂട്ടുകാരെക്കൂടികിട്ടി. പങ്കനു വളരെ സന്തോഷമായി.






ഇതുപോലെയുള്ള ഒത്തിരിക്കഥകൾ ഈ പുസ്തകത്തിലുണ്ട്. 'കിഴവൻ കഴുതയുടെ ബുദ്ധി' എന്ന കഥയിൽ വയസ്സായ ഒരു കഴുതയുണ്ട്. അലക്കുകാരന്റെ വീട്ടിൽനിന്ന് അത് ഓടി രക്ഷപ്പെട്ടു കാട്ടിലെത്തി. അവിടെവച്ച് മണ്ടൻപുലിയുടെ മുമ്പിൽപ്പെട്ടു. കഴുത രക്ഷപ്പെടാനായി ഒരു ബുദ്ധി പ്രയോഗിച്ചു. തിന്നാൽ വന്ന പുലിയോടു കഴുത പറഞ്ഞു: "ചേട്ടാ, എന്നെ തിന്നോളൂ. എന്നെ തിന്നാൽ ചേട്ടന്റെ ബുദ്ധി ഇല്ലാതാകും. ചേട്ടനെ എല്ലാവരും 'കഴുതേ' എന്നു വിളിക്കും. ബുദ്ധിയില്ലാത്തതുകൊണ്ടാണല്ലോ എന്നെ കഴുതയെന്നു വിളിക്കുന്നത്." പുലി അവിടെനിന്ന് ഓടിപ്പോയി. പാവം കഴുത അങ്ങനെ രക്ഷപ്പെട്ടു.




# സിനിമയും ജീവിതവും



**ആൽബിൻ ജിജോ**
സെന്റ് തോമസ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ, മൈലക്കൊമ്പ്

മലയാള സിനിമ പുത്തൻ ഉന്മേഷത്തിൽ തിയേറ്ററുകളിൽ ആഘോഷമാകുമ്പോൾ സിനിമാ പ്രേമികളും ചലച്ചിത്ര പ്രവർത്തകരും ഏറെ സന്തോഷത്തിലാണ്. അതിനിടയിൽ എഴുത്തുകാരും ചില സിനിമാക്കാരും വിജയചിത്രങ്ങളെ വിമർശിച്ചതും ഏറെ ചർച്ചയായിക്കഴിഞ്ഞു.

കുടിയും കൂത്താട്ടവുമാണ് ഇവയുടെ വിജയമന്ത്രം എന്നും സ്ത്രീകഥാപാത്രങ്ങൾ അപ്രത്യക്ഷമാകുന്നുവെന്നും ആക്ഷേപമുയർന്നപ്പോൾ അതിനു മറുപടികളുമായി പലരും രംഗത്തെത്തിക്കഴിഞ്ഞു.

യഥാർഥത്തിൽ മലയാളസിനിമ മൂല്യച്യുതിയുടെ വക്കിലാണോ?

യുവജനങ്ങളുടെ ആവേശവും ആരവങ്ങളും ഒപ്പിയെടുക്കുകയാണ് സിനിമകൾ ചെയ്തത്. ഇന്നത്തെ തലമുറയിൽ പ്രകടമായ ലഹരിയും ലഹളകളും സിനിമകളിലെ കഥാപരിസരത്തും പ്രത്യക്ഷമാണ്. അതിനെ വിമർശിക്കുമ്പോൾത്തന്നെ തിരിച്ചറിയേണ്ട കാര്യം തലമുറയുടെ അവസ്ഥയാണ് സിനിമകളിൽ പ്രതിഫലിക്കുന്നത് എന്നതാണ്. മലയാളസിനിമകൾ എല്ലാക്കാലത്തും സംസ്കാരത്തെയും സമൂഹത്തെയും അടയാളപ്പെടുത്തുന്നതിൽ മറ്റ് ഇന്ത്യൻ സിനിമകളേക്കാൾ മികച്ചുനിൽക്കുന്നുവെന്നതിൽ തർക്കമില്ല. അതുകൊണ്ടുതന്നെ 'ആവേശ'വും 'മഞ്ഞുമ്മൽ ബോയ്സു'മെല്ലാം വ്യക്തമാക്കുന്ന സാംസ്കാരികമാറ്റം നമ്മുടെ യുവതയുടെ മാറ്റമാണ്. അതിന്റെ തെളിവ് ഇവയുടെ സ്വീകാര്യതതന്നെയാണ്.

പ്രതികാരവും പകയുമെല്ലാം എല്ലാക്കാലത്തും മനുഷ്യന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന ഭാവമായതിനാൽ അതിനെ ഉണർത്തുന്ന കഥകൾ എന്നും മനുഷ്യർ സ്വീകരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. ധാർമികതയുടെ കോട്ടകളില്ലാത്ത ഭാവനയുടെ, സിനിമയുടെ മായികലോകത്ത് തങ്ങൾക്കു യഥാർഥ ജീവിതത്തിൽ അപ്രാപ്യമായ കാര്യങ്ങൾ അവർ നേടിയെടുക്കുന്നു.

സിനിമകൾ യുവജനങ്ങളെയും കുട്ടികളെയും ഏറെ സ്വാധീനിക്കുന്ന വിനോദമെന്ന നിലയിൽ മേല്പറഞ്ഞ ദുശ്ശീലങ്ങൾ ട്രെൻഡായി മാറ്റപ്പെടുകയും പ്രധാന കഥാപാത്രങ്ങൾ അവയെ സാധാരണത്വത്തോടെ സമീപിക്കുന്നതുകൊണ്ട് ഈ ശീലങ്ങൾ വാഴ്ത്തപ്പെടുകയും ചെയ്യുന്നു. ഇത് കുട്ടികളെ മോശമായ മാതൃകകളിലേക്കു നയിക്കാൻ സാധ്യതയുണ്ട്. അനുകരണം കൗമാരത്തിന്റെ ദൗർബല്യമാണ്.

യുവജനങ്ങൾ എങ്ങനെ വഴിതെറ്റുന്നുവെന്നും രക്ഷപ്പെടാൻ ആഗ്രഹിച്ചാൽ പോലും സാധിക്കാത്തവിധത്തിൽ എങ്ങനെ സ്വയം മറ്റു വ്യക്തികൾക്കും വസ്തുക്കൾക്കും അടിമയാക്കപ്പെടുന്നുവെന്നും ആവേശം എന്ന സിനിമ വ്യക്തമാക്കുമ്പോൾ, നിയമങ്ങളെ കൊഞ്ഞനം കുത്തി അനാവശ്യസാഹസങ്ങൾക്കു മുതിരുന്ന യുവത്വത്തിന്റെ അനാവശ്യ എടുത്തുചാട്ടം എങ്ങനെ അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നുവെന്ന് മഞ്ഞുമ്മൽ ബോയ്സും വരച്ചുകാട്ടുന്നു.

മലയാളസിനിമ മുന്നോട്ടു കുതിക്കുമ്പോൾ അത് ധാർമികത നശിപ്പിച്ചുകൊണ്ടാവരുത്. എഴുതിക്കാണിക്കുന്ന മുന്നറിയിപ്പല്ല പ്രിയതാരങ്ങളുടെ മാസ്രംഗങ്ങളാണ് കുട്ടികളുടെ മാതൃകയും യുവജനങ്ങളുടെ ട്രെൻഡും എന്ന് ഓർക്കണം. അതേസമയം, നമ്മുടെ സംസ്കാരത്തിന്റെ ജീർണതയാണ് നമ്മുടെ കഥാപാത്രങ്ങളിൽ നിഴലിക്കുന്നതെന്ന ബോധ്യത്തിൽ വിവേകത്തോടെ സിനിമകളെ സ്വീകരിക്കാൻ നാം പഠിക്കണം.




ഫഹദ് ഫാസിൽ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്; "രണ്ടര മണിക്കൂർ സമയത്തിന് അപ്പുറത്തേക്ക് എന്റെ ജീവിതത്തെ ബാധിക്കേണ്ട വലിയൊരു കാര്യമല്ല സിനിമ."

അത് അറിവിനും വിനോദത്തിനും ആശയത്തിനും ഉപകരിക്കുന്നുവെങ്കിലും ജീവിതം അതിന്റെ കോപ്പിപേസ്റ്റ് ആക്കി മാറ്റാതിരിക്കുക. ജീവിതകാഴ്ചപ്പാടുകളെ ക്രിയാത്മകമായി സ്വാധീനിക്കാൻ സിനിമയ്ക്കു കഴിയണം. പക്ഷേ, ജീവിതവും സിനിമയും ഇടകലർത്തി അനുകരണഭ്രമത്തിൽ മുങ്ങിപ്പോകുന്ന വിഡ്ഢികൾ ആവാതിരിക്കുക.

മലയാളസിനിമയുടെ ഈ കുതിപ്പിൽ അഭിമാനിച്ചുകൊണ്ട് കൂടുതൽ വിജയചിത്രങ്ങൾക്കായി നമുക്കു കാത്തിരിക്കാം.

---



# മിണ്ടാപ്പെണ്ണ്

കവിത




**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ, എറണാകുളം

മിണ്ടാപ്പെണ്ണുങ്ങളാണ്
വീടിന്റെ ഐശ്വര്യം ന്ന്!
ഉറക്കെ ചിരിക്കാത്ത,
ശബ്ദമുയർത്താത്ത,
ഇഷ്ടങ്ങളില്ലാത്ത,
ലോകം കാണാത്ത,
മനുഷ്യരെ അറിയാത്ത,
വെച്ചുവേവിച്ചൂട്ടാൻ
മാത്രമറിയുന്നോരാണ്
നല്ല പെണ്ണുങ്ങളെന്ന്!
വാരിക്കൂട്ടിയ
സമ്മാനങ്ങളെല്ലാം
ചിതലിനു തിന്നാൻ
കൊടുക്കുന്ന,
പാദസേവ ചെയ്ത്
ചവിട്ടുകൊള്ളുന്ന,
ഒരൊറ്റ വിളിയിൽ
വിറച്ചൊതുങ്ങുന്ന,
അടക്കത്തിനും
ഒതുക്കത്തിനും
ലോകരീന്ന്
പട്ടം നേടിയ
പെണ്ണുങ്ങളാണ്
നല്ലവരെന്ന്.
ഞാനെന്തേ,
കരടായിപ്പോയി?
ഞാൻ
നിലപാടുള്ളവളായിപ്പോയില്ലേ!
ചോദ്യം ചെയ്യാൻ,
ശബ്ദമുയർത്താൻ
മടിയില്ലാത്തോളായില്ലേ!
ഇഷ്ടപ്പെട്ട വസ്ത്രമിടാനും
ഇഷ്ടംപോലെ
ജീവിക്കുന്നോളുമായില്ലേ!
എല്ലാർടേം കണ്ണില് ഒരു
തന്റേടിപ്പെണ്ണായില്ലേ!
എത്ര കൂട്ടീട്ടും കിഴിച്ചിട്ടും
കുലസ്ത്രീക്കൂട്ടത്തില്
കൂടണില്ലപോലും!

---

എന്റെ വര





**ഹൃദ്യ കെ.**
ക്ലാസ് VIII
ജി.എച്ച്.എസ്.എസ്.
പട്ടിക്കാട്

---

DEEPANALAM WINNERS SPACE gk

## കഴിഞ്ഞലക്കം ക്വിസ്
(പ്രതിഭ 2024 മേയ്)

### ശരിയുത്തരങ്ങൾ

1. 489, 543
2. രണ്ടാം സ്ഥാനം
3. ദൊമ്മരാജു ഗുകേഷ്
   വിശ്വനാഥൻ ആനന്ദ്
4. 'ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ'
   കോട്ടയം സി.എം.എസ്. പ്രസ്
5. പ്ലാനറ്റ് വേഴ്സസ് പ്ലാസ്റ്റിക്സ്
   1970 ൽ യു.എസിൽ
6. ദൈനിക് ഭാസ്കർ, ദൈനിക് ജാഗരൺ, മലയാള മനോരമ
7. പ്രായപരിധി ഇല്ല
8. ജൂലൈ 26 – ഓഗസ്റ്റ് 11
9. 1924 ൽ, പാരീസിൽ
10. കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി
    2019 ഏപ്രിൽ 1

ശരിയുത്തരം ആരും അയച്ചിട്ടില്ല.